നമ്പർ:എം.റ്റി.(3)5317/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി: 23.01.2009

## സർക്കുലർ നമ്പർ– 04/09

വിഷയം: സഹകരണവകുപ്പ് – സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സംഘങ്ങളിലെ/സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല യുവജനോത്സവം – സംഭാവന നൽകുവാൻ അനുവാദം നൽകുന്നത് സംബന്ധിച്ച്

സൂചന: ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.01.09 ന് തിരുവനന്തപുരത്ത് വച്ചു കൂടിയ യോഗതീരുമാനം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ സഹകരണ വിദ്യാഭ്യാസ സംഘങ്ങളിലെയും/സ്ഥാപനങ്ങളിലേയും (സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന സഹകരണ പരിശീലന കേന്ദ്രങ്ങൾ/കോളേജുകൾ എന്നിവ ഒഴികെ) വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ 2009 . ഫെബ്രുവരി 27,28 എന്നീ തിയതികളിൽ കാസർഗോഡ് ജില്ലയിലെ ഉദുമയിൽ വച്ച് യുവജനോത്സവം നടത്തുവാൻ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.01.2009 ന് തിരുവനന്തപുരത്ത് വച്ച് നടത്തിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതാദ്യമായാണ് സഹകരണ കോളേജുകളുടെ കലോൽസവം സംഘടിപ്പിക്കുന്നത്.

ഈ സാഹചര്യത്തിൽ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സഹകരണ സ്ഥാപനങ്ങൾ മേൽ ആവശ്യത്തിലേയ്ക്കായി സംഭാവന ചെയ്യുവാൻ ഇതിനാൽ അനുവാദം നൽകുന്നു. ടി വിവരം ജോയിന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട ജില്ലയിലെ സഹകരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) കണ്ണൂർ, കാസർഗോഡ് ജില്ലകൾ
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) കണ്ണൂർ, കാസർഗോഡ് ജില്ലകൾ
3. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണബാങ്ക്, കണ്ണൂർ,കാസർഗോഡ്
4. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ(എച്ച്.വി./എം.റ്റി സെക്ഷൻ)